**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** — **10-03-2025 - ൽ മറുപടിയ്ക്ക്**

**ആറളം ഫാമിലെ ആനയുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ആറളം ഫാമിൽ ദമ്പതികളെ ആന ചവിട്ടിക്കൊന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 23/02/2025 ന്- ആറളം ഫാം പുനരധിവാസ മേഖലയിൽ ബ്ലോക്ക് 13 ൽ കാട്ടാനയുടെ മുന്നിൽ പെട്ട് വെള്ളി, ലീല എന്നീ ദമ്പതികൾ മരണപ്പെട്ടുകയുണ്ടായി. ആറളം പുനരധിവാസമേഖലയിൽ 7, 9, 10, 11, 12, 13 എന്നീ ബ്ലോക്കുകളിലായി 3375 ആദിവാസി കുടുംബങ്ങൾക്ക്, ഒരു കുടുംബത്തിന് ഒരു ഏക്കർ എന്ന നിലയിലാണ് ഭൂമി പതിച്ച് കൊടുത്തിരിക്കുന്നത്. ആറളം വന്യജീവി സങ്കേതത്തിന്റെ അതിർത്തി പങ്കിടുന്ന മേഖലയാണിത്. ഇവയിൽ 1796 കുടുംബങ്ങൾ മാത്രമെ ഇപ്പോൾ സ്ഥലത്ത് താമസക്കാരായി ഉള്ളൂ. ബാക്കിയുള്ള 1579 ഏക്കർ ഭൂമിയിൽ താമസക്കാർ ഇല്ലാത്തതിനാൽ പൂർണ്ണമായും കാട്ടുപിടിച്ച് കിടക്കുകയാണ്. കൂടാതെ ആറളം ഫാമിന്റെ കൈവശമുള്ള 3500 ഓളം ഏക്കർ ഭൂമിയിൽ ഭൂരിഭാഗവും കാട്ടുപിടിച്ച് കിടക്കുകയാണ്. ആദിവാസികൾക്ക് പതിച്ച് നൽകിയ 7, 9, 10, 11, 12, 13 എന്നീ ബ്ലോക്കുകളിലായി ആൾ താമസമില്ലാത്ത 1579 ഏക്കർ ഭൂമിയിലും, ആറളം ഫാമിന്റെ കാട്ടുപിടിച്ച് കിടക്കുന്ന ഭൂമിയിലുമാണ് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ കാണപ്പെടുന്നത്. |
| (ബി) | പ്രസ്തുത ഫാമിൽ ആന മതിൽ നിർമ്മാണം എന്നാണ് ആരംഭിച്ചത്; മതിൽ നിർമ്മാണത്തിലെ കാലതാമസം എന്തുകൊണ്ടാണെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | ആറളം വന്യജീവി സങ്കേതവും, ആറളം പുനരധിവാസമേഖലയും അതിർത്തി പങ്കിടുന്ന ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലെപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം.) പുനരധിവാസ മേഖലയിൽ വളയംചാൽ മുതൽ പൊട്ടിച്ചപ്പാറ വരെ 10.5 കി.മീ. ദൂരത്തിൽ ടി.ആർ.ഡി.എം. ആണ് ആനമതിൽ നിർമ്മാണം നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് ടി പ്രവർത്തി നടപ്പിലാക്കുന്നത്. ആനമതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും പുരോഗതി വിലയിരുത്തുന്നതും ടി.ആർ.ഡി.എം./ പട്ടികവർഗ്ഗ വികസന വകുപ്പ് ആണ്. ആറളം ഫാമിൽ |

| | | | |
|---|---|---|---|
| | | | 10.50 കി.മീ ആനമതിൽ നിർമ്മാണത്തിന് കരാർ നടപ്പിലാക്കി 24/07/2023 തീയതിയിൽ കരാറുകാരന് സൈറ്റ് കൈമാറി 30.09.2023-ന് നിർമ്മാണം ആരംഭിച്ചു.  ഇതുവരെ ഏകദേശം നാല് കി.മീ. ദൂരത്തിൽ ആനപ്രതിരോധ മതിലിന്റെ പണി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 6.5 കി.മീ. വരുന്ന മതിലിന്റെ പണി അടിയന്തരമായി പൂർത്തിയാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് / ടി.ആർ.ഡി.എം. വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ മതിൽ പൂർത്തിയാക്കുന്നത് വരെ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ അനെർട്ട് വഴി അടിയന്തിരമായി ഹാഗിംങ്ങ് ഫെൻസിംഗ് സ്ഥാപിക്കാനും സോളാർ ഫെൻസ് സ്ഥാപിക്കാനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള സർവ്വകക്ഷി യോഗത്തിൽ ഈ ജോലിക്കായി വനം വകുപ്പ് ഒരു മാതൃകാ അടങ്കൽ തയ്യാറാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.<br>നിലവിൽ കണ്ണൂർ, ആറളം ഡിവിഷനുകളിലെ വനം വകുപ്പ് ജീവനക്കാർ സന്നദ്ധസേവനത്തിലൂടെ, ആനമതിൽ നിർമ്മാണം ഇനിയും പൂർത്തിയാകാത്ത പ്രദേശങ്ങളിൽ, വിവിധ സെക്ഷൻ ഓഫീസുകളിൽ സൂക്ഷിച്ചിരുന്ന വൈദ്യുതവേലി നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് മൂന്ന് കിലോമീറ്റർ താൽക്കാലിക സൗരോർജ്ജ വേലി നിർമ്മിച്ചു വരുന്നുണ്ട്. സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം പൂർത്തി-യാകുന്നതുവരെ ഇത് ഒരു താൽക്കാലിക പരിഹാര-മായി വർത്തിക്കും.<br><br>ആന മതിൽ നിർമ്മാണത്തിന് തടസമായ നിന്നിരുന്ന 272 മരങ്ങൾ മുറിച്ചു മാറ്റിയിട്ടുണ്ട്. 162 മരങ്ങൾ മുറിച്ചു മാറ്റുന്ന പ്രവർത്തി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ആന മതിൽ നിർമ്മാണ പുരോഗതി ജില്ലാ തലത്തിൽ പട്ടികവർഗ്ഗ വികസന കമ്മിഷണർ നടത്തി വരുന്നുണ്ട് എന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്.<br>പ്രസ്തുത വിഷയത്തിൽ 24.02.2025-ൽ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ആനമതിൽ നിർമ്മാണം 5 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ